കെട്ടിട നിർമ്മാണ ലൈസൻസ് നൽകുന്നതിലെ കാലതാമസം

166 (1924) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കെട്ടിട നിർമ്മാണത്തിനുള്ള ലൈസൻസ് നൽകുന്ന അധികാരി ആരാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെട്ടിടം നിർമ്മിച്ച് കഴിഞ്ഞ് പരിശോധന നടത്തി നമ്പർ നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; പ്രസ്തുത പ്രവൃത്തികൾക്ക് നിയോഗിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) കെട്ടിട നിർമ്മാണ ലൈസൻസ് നൽകുന്നതിലും നമ്പർ നൽകുന്നതിലുമുള്ള കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെക്രട്ടറിമാരാണ് കെട്ടിട നിർമ്മാണങ്ങൾക്കുള്ള അനുമതി നൽകുന്നത്. എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കോർപ്പറേഷൻ എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനിയർ എന്നിവർ മുഖാന്തരം പെർമിറ്റ് നൽകുന്നതിന് സെക്രട്ടറിമാർ അവരുടെ ഇക്കാര്യത്തിലുള്ള ചുമതല ഡെലിഗേറ്റ് ചെയ്യേണ്ടതാണെന്ന് 27-6-2010-ലെ 36587/ആർ.എ.1/09/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 300 ചമീറ്റർ വരെ പ്ലിന്ത് ഏരിയ ഉള്ള കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർക്കും 301 ച.മീറ്ററിൽ കൂടുതലുള്ള കെട്ടിടങ്ങൾക്ക് സെക്രട്ടറിമാർക്കും പെർമിറ്റ് നൽകുന്നതിന് അനുമതി നൽകികൊണ്ട് 23-12-2010-ലെ 36587(1)/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണാനുമതിയുടെ അടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ കെട്ടിട ഉടമ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നൽകുമ്പോൾ നഗരസഭകളിൽ ബിൽഡിംഗ് ഇൻസ്പെക്ടർ/മുനിസിപ്പൽ എഞ്ചിനീയറും, പഞ്ചായത്തുകളിൽ ഓവർസിയർ/അസിസ്റ്റന്റ് എഞ്ചിനീയറും സ്ഥലപരിശോധന നടത്തി റിപ്പോർട്ട്/ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് നമ്പർ അനുവദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 13, 14 എന്നിവയിൽ കെട്ടിട നിർമ്മാണാനുമതി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. നഗരസഭകളിൽ പലപ്പോഴും ഈ സമയപരിധി പാലിക്കാത്തതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കാലതാമസം ഒഴിവാക്കി, നിശ്ചിത സമയപരിധിക്കുള്ളിൽ കുറ്റമറ്റ രീതിയിൽ നിർമ്മാണാനുമതി നൽകുന്നതിലേക്കായി 27-6-2010-ൽ 36587/ആർ.എ.1/2009/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന കെട്ടിട നിർമ്മാണ അപേക്ഷകളിന്മേൽ ഓരോ ഉദ്യോഗസ്ഥരും അപേക്ഷ പരിശോധിച്ച് തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചുകൊണ്ട് 15-9-2010-ൽ 71395/ആർ.എ2/2009/തസ്വഭവ നമ്പരായി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണാനുമതി നൽകുന്നതിലെ കാലതാമസം, അഴിമതി എന്നിവ ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭയിൽ ഇതിനോടകം തന്നെ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പഴക്കം ചെന്ന കെട്ടിടങ്ങൾ പൊളിച്ചു മാറ്റാൻ നടപടി

167 (1925) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ പഴക്കം ചെന്ന കെട്ടിടങ്ങൾ തകർന്ന് ഉണ്ടാകുന്ന അപകടങ്ങൾ വർദ്ധിക്കുന്നതായ വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമായ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനും അവ യഥാകാലം പൊളിച്ചുമാറ്റുന്നതിനും സഹായകരമാകുന്ന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തൊക്കെ നിർദ്ദേശങ്ങളാണ് നല്കിയിട്ടുള്ളത് ;

(ഡി) അപകടാവസ്ഥയിലുള്ളതും പഴക്കമുള്ളതുമായ കെട്ടിടങ്ങൾ നീക്കം ചെയ്യുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(ഇ) എങ്കിൽ മുനിസിപ്പാലിറ്റി ആക്ടിലും പഞ്ചായത്ത് ആക്ടിലും ഇതിനായി എന്തൊക്കെ വ്യവസ്ഥകൾ കൂടുതലായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly